"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സ്പെഷ്യൽ തഹസിൽദാർ, ലാൻഡ് അക്വിസിഷൻ യൂണിറ്റ് രൂപീകരിക്കുന്നത് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.101/2026/RD തീയതി,തിരുവനന്തപുരം, 04-03-2026

---

പരാമർശം:-

1. 30/12/2022-ലെ സ.ഉ(കൈ) നം. 312/2022/റവ ഉത്തരവ്.
2. 06/01/2023-ലെ സ.ഉ(കൈ) നം. 2/2023/റവ ഉത്തരവ്.
3. ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിയുമായി ബന്ധപ്പെട്ട് ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 06/06/2023-ന് കൂടിയ യോഗത്തിന്റെ നടപടികുറിപ്പ്.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 23/04/2025, 08/08/2025, 20/02/2026 എന്നീ തീയതികളിലെ LR/4398/2025-LR(C5) നമ്പർ കത്തുകൾ.
5. 19.04.2025 ലെ ജി ഒ (പി) നം.54/2025/ധന നമ്പർ ഉത്തരവ്

**<u>ഉത്തരവ്</u>**

1. ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള നിർമ്മാണത്തിന് കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക്, മണിമല വില്ലേജുകളിൽ വിവിധ സർവ്വെ നമ്പറുകളിൽ ഉൾപ്പെട്ട ഉദ്ദേശം 1040ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് പരാമർശം (1), പരാമർശം (2) എന്നീ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.
2. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 06/06/2023-ന് കൂടിയ യോഗത്തിൽ ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സ്പെഷ്യൽ തഹസിൽദാർ, ലാൻഡ് അക്വിസിഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിരുന്നു.
3. തുടർന്ന്, ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഒരു പുതിയ സ്പെഷ്യൽ തഹസിൽദാർ, ലാൻഡ് അക്വിസിഷൻ യൂണിറ്റ് രൂപീകരിക്കുന്നതിന് സൂചന (4) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ സമർപ്പിക്കുകയുണ്ടായി.
4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള

നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കുന്നതിന് 13 തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിലും, 11 തസ്തികകൾ പുതിയ തസ്തികകളായി റവന്യൂ വകുപ്പിൽ സൃഷ്ടിച്ചും, താല്ക്കാലിക നിയമനങ്ങൾക്ക് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ടും, ചുവടെ ചേർക്കുന്ന 24 തസ്തികകൾ ഉൾപ്പെടുത്തി, ഒരു പുതിയ സ്പെഷ്യൽ തഹസിൽദാർ, എൽ.എ യൂണിറ്റ് ഒരു വർഷത്തേക്ക് രൂപീകരിക്കുന്നതിന് അനുമതി നൽകുന്നു.

5.

| ക്രമ നം. | തസ്തിക | എണ്ണം | നിയമന രീതി |
|---|---|---|---|
| 1. | സ്പെഷ്യൽ തഹസിൽദാർ | 1 | റവന്യൂ വകുപ്പിൽ നിന്നുള്ള നിയമനം |
| 2. | വാല്യൂവേഷൻ അസിസ്റ്റന്റ് | 2 | റവന്യൂ വകുപ്പിൽ നിന്നുള്ള നിയമനം |
| 3. | ജൂനിയർ സൂപ്രണ്ട് | 1 | റവന്യൂ വകുപ്പിൽ നിന്നുള്ള നിയമനം |
| 4. | റവന്യൂ ഇൻസ്പെക്ടർ | 3 | റവന്യൂ വകുപ്പിൽ നിന്നുള്ള നിയമനം |
| 5. | സീനിയർ ക്ലർക്ക് /സ്പെഷ്യൽ വില്ലേജ് ഓഫീസർ | 2 | റവന്യൂ വകുപ്പിൽ നിന്നുള്ള നിയമനം |
| 6. | ക്ലർക്ക്/ വില്ലേജ് അസിസ്റ്റന്റ് | 4 | 2 പേരെ റവന്യൂ വകുപ്പിൽ നിന്നും 2 പേരെ ദിവസ വേതന അടിസ്ഥാനത്തിലും |
| 7. | ടൈപ്പിസ്റ്റ് | 1 | ദിവസ വേതന നിയമനം |
| 8. | സർവ്വേയർ | 4 | ദിവസ വേതന നിയമനം |
| 9. | ചെയിൻമാൻ | 4 | ദിവസ വേതന നിയമനം |
| 10. | ഓഫീസ് അറ്റന്റന്റ് | 2 | ദിവസ വേതന നിയമനം |
| | ആകെ | 24 | |

6. ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കുന്നതിന് പരിചയസമ്പന്നതായ ജീവനക്കാരുടെ സേവനം വകുപ്പിന് ആവശ്യമുള്ളപക്ഷം റവന്യൂ വകുപ്പിൽ നിന്നും വിരമിച്ച ജീവനക്കാരെ നിശ്ചിത തസ്തികകളിൽ ദിവസ വേതന അടിസ്ഥാനത്തിൽ നിയമിക്കുന്നതിനും അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
2. ജില്ലാ കളക്ടർ, കോട്ടയം

3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
4. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ ......., തീയതി..................).
5. ധനകാര്യ വകുപ്പ് (EXP-D1/263/2024-FIN തീയതി 28.01.2026 )
6. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & എൻ.എം) ഡിപ്പാർട്ട്മെന്റ്
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (REV-B3/169/2023-REV)

ഉത്തരവിൻ പ്രകാരം
Signed by
Sandhya S
Date: 05-03-2026 10:24:09
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്
റവന്യൂ അഡീഷണൽ സെക്രട്ടറിയുടെ സി എ ക്ക്

*രഹസ്യം*

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 02-03-2026**

ഫയൽ നം. റവ-ബി3/169/2023/റവ. ഇനം നം: 3773

വിഷയം : റവന്യൂ വകുപ്പ് - ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പുതിയ ലാൻഡ് അക്വിസിഷൻ യൂണിറ്റ് രൂപീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3773

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | റവ-ബി3/169/2023-റവ |
| 2. | വകുപ്പ് | : | റവന്യൂ (ബി) വകുപ്പ് |
| 3. | വിഷയം | : | ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പുതിയ ലാൻഡ് അക്വിസിഷൻ യൂണിറ്റ് രൂപീകരിക്കുന്നത്- സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 20/11/2025 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി ഗീത എ. |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.എം.ജി.രാജമാണിക്യം |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 25/02/2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ.ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 26/02/2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 26/02/2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 26/02/2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കൽ നടപടി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പുതിയ ലാൻഡ് അക്വിസിഷൻ യൂണിറ്റ് രൂപീകരിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള നിർമ്മാണത്തിനു വേണ്ടി കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക്, മണിമല വില്ലേജുകളിൽ വിവിധ സർവ്വെ നമ്പറുകളിൽ ഉൾപ്പെട്ട ഉദ്ദേശം 1040 ഹെക്ടർ ഭൂമി (ചെറുവള്ളി എസ്റ്റേറ്റ് ഉദ്ദേശം 916 ഹെ. എസ്റ്റേറ്റിന് പുറത്തുള്ള ഭൂമി ഉദ്ദേശം 124 ഹെ.) ഏറ്റെടുക്കുന്നതിന് 30/12/2022-ലെ GO (MS) No.312/2022/റവ, 06/01/2023-ലെ GO (MS) No.2/2023/RD എന്നീ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ളതും, സാമൂഹികാഘാത പഠനം പൂർത്തീകരിച്ച് വിദഗ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. തുടർന്ന്, 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വകുപ്പ് 11(1) പ്രകാരമുള്ള വിജ്ഞാപനം 26.04.2025-ലെ 1595-ാം നമ്പർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, Ayana Charitable Trust മുതൽപേർ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No.18326/2025 നമ്പർ കേസിലെ 19/12/2025-ലെ ഉത്തരവ് പ്രകാരം സാമൂഹ്യാഘാത പഠന റിപ്പോർട്ട്, വിദഗ്ധ സമിതി റിപ്പോർട്ട്, പ്രാഥമിക വിജ്ഞാപനം എന്നിവ റദ്ദാക്കിയിട്ടുള്ളതും, എൽ.എ.ആർ.ആർ. നിയമപ്രകാരം നിഷ്കർഷിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ ഭൂമി മാത്രം ഉൾപ്പെടുത്തി പുതിയ 4(1) വിജ്ഞാപനം പുറപ്പെടുവിക്കാനും, ഒരു സാങ്കേതിക വിദഗ്ധനെ ഉൾപ്പെടുത്തി പുതിയ സാമൂഹികാഘാത പഠനം (SIA) നടത്താനും ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിന് ആവശ്യമായ നിർദ്ദേശം അഡ്വക്കേറ്റ് ജനറലിന് നൽകിയിട്ടുണ്ട്.

3. ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിയുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 06/06/2023-ന് കൂടിയ യോഗത്തിൽ താഴെ പറയുന്ന തീരുമാനം കൈക്കൊണ്ടിരുന്നു.

"സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സ്പെഷ്യൽ തഹസിൽദാർ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് മുഖേന സ്വീകരിക്കേണ്ടതാണ്."

4. തുടർന്ന്, പവർഗ്രിഡ് കോർപ്പറേഷൻ നിർത്തൽ ചെയ്യുന്നതിന് ശിപാർശ ചെയ്തിരുന്ന പത്തനംതിട്ട സ്പെഷ്യൽ തഹസിൽദാർ, എൽ.എ (പവർഗ്രിഡ്) യൂണിറ്റിനെ ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിക്കുള്ള സ്പെഷ്യൽ തഹസിൽദാർ എൽ.എ. യൂണിറ്റായി പുനർവിന്യസിക്കുന്നതിന്റെ സാധ്യത പരിശോധിക്കുകയുണ്ടായി.

5. വിവിധ ഏജൻസികൾക്കായി രൂപീകരിക്കപ്പെട്ടിട്ടുള്ള സ്പെഷ്യൽ ലാൻഡ് അക്വിസിഷൻ യൂണിറ്റുകൾ അതാത് പദ്ധതികളുടെ പൂർത്തീകരണത്തോടെ പ്രവർത്തനം അവസാനിപ്പിച്ച് പ്രസ്തുത യൂണിറ്റുകൾ പിരിച്ച് വിട്ട് തസ്തികകൾ നിർത്തൽ ചെയ്യേണ്ടതാണെന്നും, ആയതിനാൽ, സ്പെഷ്യൽ തഹസിൽദാർ, എൽ.എ. (പവർഗ്രിഡ്) യൂണിറ്റ്, പത്തനംതിട്ട കാര്യാലയം ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിക്കായി പുനർവിന്യസിക്കണമെന്ന ശുപാർശ അംഗീകരിക്കാൻ കഴിയില്ല എന്നും പ്രസ്തുത ആവശ്യത്തിനായി ലാൻഡ് അക്വിസിഷൻ യൂണിറ്റ് പുതിയതായി സ്ഥാപിക്കേണ്ടതാണ് എന്നും ധനകാര്യ വകുപ്പ് അറിയിക്കുകയുണ്ടായി.

6. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് താഴെ പറയുന്ന ജീവനക്കാരെ ഉൾപ്പെടുത്തി ഒരു പുതിയ സ്പെഷ്യൽ തഹസിൽദാർ ലാൻഡ് അക്വിസിഷൻ യൂണിറ്റ് രൂപീകരിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | സ്പെഷ്യൽ തഹസിൽദാർ | 1 |
| 2 | വാല്യൂവേഷൻ അസിസ്റ്റന്റ് | 2 |
| 3 | ജൂനിയർ സൂപ്രണ്ട് | 1 |
| 4 | റവന്യൂ ഇൻസ്പെക്ടർ | 3 |
| 5 | സീനിയർ ക്ലർക്ക്/സ്പെഷ്യൽ വില്ലേജ് ഓഫീസർ | 2 |
| 6 | ക്ലർക്ക്/ വില്ലേജ് അസിസ്റ്റന്റ് | 4 |
| 7 | ടൈപ്പിസ്റ്റ് | 1 |
| 8 | സർവ്വേയർ | 4 |
| 9 | ചെയിൻമാൻ | 4 |
| 9 | ഓഫീസ് അറ്റൻഡന്റ് | 2 |
| | ആകെ | 24 |

7. മേൽ പറഞ്ഞ 24 തസ്തികകൾ ഉൾപ്പെടുത്തി സ്പെഷ്യൽ തഹസിൽദാർ, എൽ.എ യൂണിറ്റ് രൂപീകരിക്കുന്നതിന് അനുമതിയ്ക്കായി ഫയൽ ധനകാര്യ വകുപ്പിന് അയച്ചപ്പോൾ ശബരിമല വിമാനത്താവള പദ്ധതിക്കായുള്ള ലാൻഡ് അക്വിസിഷൻ യൂണിറ്റിൽ ഉൾപ്പെടുത്താൻ ആവശ്യപ്പെട്ടിരിക്കുന്ന തസ്തികകൾ എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന വിവരം സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയുടെ പശ്ചാത്തലത്തിൽ പ്രവൃത്തിയുടെ പ്രാരംഭദശയിൽ ആവശ്യമായ ഏറ്റവും കുറവ് ജീവനക്കാരെ മാത്രം ഉൾപ്പെടുത്തി മേൽ ഓഫീസിന് ഒരു വർഷം വരുന്ന ചെലവിന്റെ എസ്റ്റിമേറ്റ് അടക്കം ശിപാർശ പുനഃസമർപ്പിക്കാൻ നിർദ്ദേശിക്കുകയുണ്ടായി.

8. മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിൽ ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നിലവിൽ 26 തസ്തികകളുള്ള സ്പെഷ്യൽ തഹസിൽദാർ എൽ.എ. (ജനറൽ) കോട്ടയം കാര്യാലയം മുഖേനയാണ് നടന്നുവരുന്നതെന്നും, നിർത്തലാക്കിയ പവർഗ്രിഡ്, എൽ.എ. (എൻ.എച്ച്)

ചങ്ങനാശ്ശേരി, എൽ.എ. (എൻ.എച്ച്) പൊൻകുന്നം എന്നീ ഓഫീസുകളിലെ ഫയലുകളും, LAR കേസുകളും, പോസ്റ്റ് അവാർഡ് ജോലികളും നിലവിൽ പ്രസ്തുത ഓഫീസിലാണ് കൈകാര്യം ചെയ്യുന്നതെന്നും അറിയിക്കുകയുണ്ടായി. കൂടാതെ, 7 പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ ജോലികളും പ്രസ്തുത ഓഫീസ് മുഖേന നടന്നു വരുന്നു. ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം നിർമ്മാണം 1040 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ട ബൃഹത്തായ പദ്ധതി ആയതിനാൽ ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് പുതുതായി ഒരു ഓഫീസ് രൂപീകരിക്കുന്നതിന് പകരം 51 അധിക തസ്തികകൾ സ്പെഷ്യൽ തഹസിൽദാർ എൽ.എ.(ജനറൽ) കോട്ടയം കാര്യാലയത്തിന് അനുവദിച്ച് പ്രസ്തുത കാര്യാലയം മുഖേന നടപടി സ്വീകരിക്കുന്നതാണ് അഭികാമ്യം എന്നും ലാൻഡ് റവന്യൂ കമ്മീഷണർ അറിയിക്കുകയുണ്ടായി. നിലവിൽ കോട്ടയം ജില്ലയിൽ എല്ലാ ആഫീസുകളിലും ജോലിഭാരം ഉള്ളതിനാൽ കോട്ടയം ജില്ലയിലെ ജീവനക്കാരെ പ്രസ്തുത പദ്ധതിക്കായി പുനർവിന്യസിക്കാൻ സാധിക്കില്ലായെന്നും, മറ്റ് ജില്ലകളിൽ നിന്നും താരതമ്യേന ജോലി കുറഞ്ഞ ഓഫീസുകളിൽ നിന്ന് ജീവനക്കാരെ പ്രസ്തുത ആഫീസിലേക്ക് നിയോഗിക്കുകയോ, കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയോഗിക്കുകയോ ചെയ്യാവുന്നതാണ് എന്നും ലാൻഡ് റവന്യൂ കമ്മീഷണർ അറിയിക്കുകയുണ്ടായി. കോൺട്രാക്ട് അടിസ്ഥാനത്തിലാണ് ജീവനക്കാരുടെ നിയമനമെങ്കിൽ ഒരു വർഷം ഉദ്ദേശം 2.5 കോടി രൂപയും, സ്ഥിര നിയമനമാണെങ്കിൽ ഉദ്ദേശം 5 കോടി രൂപയും ചിലവുണ്ടാകുമെന്നും ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുക്കുമ്പോൾ കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നത് അഭികാമ്യമായിരിക്കുമെന്നും ബൃഹത്തായ പദ്ധതിക്കുള്ള ഭൂമി ഏറ്റെടുക്കൽ ആയതിനാൽ കാലതാമസം ഒഴിവാക്കുന്നതിലൂടെ പലിശയിനത്തിലും, കാലാന്തരം കൊണ്ടും സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഒഴിവാക്കാൻ കഴിയുമെന്ന നേട്ടം കണക്കിലെടുത്താൽ ശബരിമല ഗ്രീൻ ഫീൽഡ് വിമാനത്താവള നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ

സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ എൽ.എ. (ജനറൽ) കോട്ടയം കാര്യാലയത്തിനു ചുവടെ ചേർക്കുന്ന 51 അധിക തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ലാൻഡ് റവന്യൂ കമ്മീഷണർ ആവശ്യപ്പെട്ടുകയുണ്ടായി.

| ക്രമ നം. | തസ്തിക | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | ജൂനിയർ സൂപ്രണ്ട് | 2 |
| 2 | വാല്യുവേഷൻ അസിസ്റ്റന്റ് | 1 |
| 3. | റവന്യൂ ഇൻസ്പെക്ടർ | 12 |
| 4 | സർവ്വേയർ | 8 |
| 5 | വില്ലേജ് അസിസ്റ്റന്റ്/ ക്ലർക്ക് | 28 |
| | ആകെ | 51 |

9. ലാൻഡ് റവന്യൂ കമ്മീഷണറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ താഴെ പറയും പ്രകാരമുള്ള ശിപാർശയോടെ ഫയൽ ബഹു.ധനകാര്യ വകുപ്പ് മന്ത്രിക്ക് ചംക്രമണം ചെയ്യുകയുണ്ടായി:

*"ഭൂമി ഏറ്റെടുക്കൽ ജോലികൾ ഉത്തരവാദിത്വം നിശ്ചയിച്ച് നൽകേണ്ടതും പരിചയം ആവശ്യമുള്ളതും ആയതിനാൽ കരാർ നിയമനം സാധ്യമല്ല. വർദ്ധിച്ചുവരുന്ന ഭൂമി വില, ഭൂമി ഏറ്റെടുക്കൽ നടപടികൾ നീണ്ടു പോകുന്നതുമൂലം ഉള്ള പലിശ നഷ്ടം, എന്നിവ കണക്കാക്കിയാൽ 51 തസ്തികകൾ ഒരു വർഷത്തേക്ക് സൃഷ്ടിക്കുന്നതിനുള്ള ചെലവായ അഞ്ചു കോടി രൂപ തുലോം കുറവാണെന്ന് കാണാം. പല അടിയന്തിര പ്രാധാന്യമുള്ള പ്രവർത്തികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് താലൂക്ക് ഓഫീസുകളിൽ നിന്നും കളക്ടറേറ്റുകളിൽ നിന്നും ഉള്ള ജീവനക്കാരെയാണ് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിരിക്കുന്നത് എന്നതിനാൽ ജീവനക്കാരുടെ പുനർവിന്യാസം സാധ്യവുമല്ല. ആയതിനാൽ ഖണ്ഡിക 209 പ്രകാരമുള്ള 51 തസ്തികകൾ സൃഷ്ടിക്കുന്ന വിഷയത്തിൽ അഭിപ്രായത്തിനായി ഫയൽ ബഹു. ധന വകുപ്പ് മന്ത്രി കണ്ടാലും."*

10. തുടർന്ന്, ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി:

*"ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി താഴെ പറയുന്ന തസ്തികകൾ ഉൾപ്പെടുത്തി ഒരു പുതിയ എൽ.എ യൂണിറ്റ് ഒരു വർഷത്തേക്ക് രൂപീകരിക്കുന്നതിന് അനുമതി നൽകുന്നു.*

| ക്രമ നം. | തസ്തിക | എണ്ണം | നിയമന രീതി |
|---|---|---|---|
| 1. | സ്പെഷ്യൽ തഹസിൽദാർ | 1 | റവന്യൂ വകുപ്പിൽ നിന്നുള്ള നിയമനം |
| 2. | വാല്യുവേഷൻ അസിസ്റ്റന്റ് | 2 | റവന്യൂ വകുപ്പിൽ നിന്നുള്ള നിയമനം |
| 3. | ജൂനിയർ സൂപ്രണ്ട് | 1 | റവന്യൂ വകുപ്പിൽ നിന്നുള്ള നിയമനം |
| 4. | റവന്യൂ ഇൻസ്പെക്ടർ | 3 | റവന്യൂ വകുപ്പിൽ നിന്നുള്ള നിയമനം |
| 5. | സീനിയർ ക്ലർക്ക് /സ്പെഷ്യൽ വില്ലേജ് ഓഫീസർ | 2 | റവന്യൂ വകുപ്പിൽ നിന്നുള്ള നിയമനം |
| 6. | ക്ലർക്ക്/ വില്ലേജ് അസിസ്റ്റന്റ് | 4 | 2 പേരെ റവന്യൂ വകുപ്പിൽ നിന്നും നിയമിക്കുന്നതിനും 2 പേരെ ദിവസ വേതന അടിസ്ഥാനത്തിൽ നിയമിക്കുന്നതിനും അനുമതി നൽകുന്നു |
| 7. | ടൈപ്പിസ്റ്റ് | 1 | ദിവസ വേതന നിയമനം |
| 8. | സർവ്വേയർ | 4 | ദിവസ വേതന നിയമനം |
| 9. | ചെയിൻമാൻ | 4 | ദിവസ വേതന നിയമനം |
| 10. | ഓഫീസ് അറ്റന്റന്റ് | 2 | ദിവസ വേതന നിയമനം |
| | ആകെ | 24 | |

*താല്ക്കാലികനിയമനങ്ങൾക്ക് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് ഒരു വർഷത്തേക്ക് ദിവസ വേതന അടിസ്ഥാനത്തിലുള്ള നിയമനങ്ങൾ നടത്തുന്നതിന് അനുമതി നൽകുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കുന്നതിന് പരിചയസമ്പന്നരായ ജീവനക്കാരുടെ സേവനം വകുപ്പിന് ആവശ്യമുള്ള പക്ഷം റവന്യൂ വകുപ്പിൽ നിന്നും വിരമിച്ച ജീവനക്കാരെ മുകളിൽ സൂചിപ്പിച്ചിട്ടുള്ള തസ്തികകളിൽ ദിവസ വേതന അടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണ്.*

*ഈ തീരുമാനത്തിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."*

11. ധനകാര്യ വകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഖണ്ഡിക 10-ൽ പരാമർശിച്ചിട്ടുള്ള 24 തസ്തികകൾ ഉൾപ്പെടുത്തി ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിക്കുള്ള പുതിയ സ്പെഷ്യൽ തഹസിൽദാർ എൽ.എ. യൂണിറ്റ് രൂപീകരിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണോ എന്നത് സംബന്ധിച്ച് ഉത്തരവിനായി ഫയൽ ബഹു.റവന്യൂ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായി.

12. മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിലേക്കായി കരട് കുറിപ്പ് അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ താഴെ പറയും പ്രകാരം ചീഫ് സെക്രട്ടറി ഉത്തരവിടുകയുണ്ടായി.

"13 തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിലും, 11 തസ്തികകളിൽ റവന്യൂ വകുപ്പിൽ നിന്നുള്ളവരെ നിയമിച്ചുകൊണ്ടും 24 തസ്തികകളോടെ ഒരു പുതിയ എൽ.എ. ഓഫീസ് ആരംഭിക്കുന്നതിനാണ് ശിപാർശ ചെയ്തിട്ടുള്ളത്. റവന്യൂ വകുപ്പിൽ നിന്നുള്ള 11 തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതാണോ അതോ നിലവിലുള്ള തസ്തിക പുനർവിന്യസിക്കുന്നതിനാണോ എന്ന കാര്യത്തിൽ വ്യക്തത വരുത്തിയും

ഇക്കാര്യത്തിലുണ്ടാകുന്ന അധിക സാമ്പത്തികബാദ്ധ്യത തിട്ടപ്പെടുത്തി ആയതുകൂടി ഉൾപ്പെടുത്തിയും കരട് കുറിപ്പ് ഭേദഗതി വരുത്തി സമർപ്പിക്കേണ്ടതാണ്. "

13. തുടർന്ന്, മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയും പ്രസ്തുത വകുപ്പ് താഴെ പറയുന്ന അഭിപ്രായം ലഭ്യമാക്കിയിട്ടുള്ളതാണ്:

"ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി രൂപീകരിക്കുന്ന പുതിയ എൽ.എ. യൂണിറ്റിലേക്ക് 13 തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിലും, 11 തസ്തികകളിൽ റവന്യൂ വകുപ്പിൽ നിന്നുള്ളവരെ നിയമിച്ചുകൊണ്ടും 24 തസ്തികകൾ പുതിയതായി സൃഷ്ടിക്കുന്നതിനാണ് ധനവകുപ്പ് അനുമതി നല്കിയിട്ടുള്ളത് എന്നും, റവന്യൂ വകുപ്പിൽ നിന്നുള്ള നിയമനത്തിന് നിർദ്ദേശിച്ചിരിക്കുന്ന 11 തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതിനാണ് അനുമതി നല്കിയിട്ടുള്ളത് എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു. കൂടാതെ 11 തസ്തികകൾ സൃഷ്ടിക്കുന്നത് വഴി ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത നിലവിലുള്ള ശമ്പള പരിഷ്കരണ ഉത്തരവിന്റെയും DA നിരക്കിന്റെയും അടിസ്ഥാനത്തിലും, ദിവസ വേതന അടിസ്ഥാനത്തിലെ നിയമനം വഴി ഉണ്ടാകുന്ന ബാധ്യത 19.04.2025 ലെ സ.ഉ(അച്ചടി) നം. 54/2025/ധന ഉത്തരവിന്റെ അടിസ്ഥാനത്തിലും ഭരണ വകുപ്പ് തന്നെ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ് എന്ന് അറിയിക്കുന്നു"

14. ധനകാര്യ വകുപ്പിന്റെ മേൽ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക ബാധ്യത തയ്യാറാക്കി സമർപ്പിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകുകയും, പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ ചുവടെ ചേർക്കും പ്രകാരം സാമ്പത്തിക ബാധ്യത തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

## പട്ടിക -1

## റവന്യൂ വകുപ്പിൽ നിന്നുള്ളനിയമനം

## (2019-ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള സാമ്പത്തിക ബാധ്യത)

| ക്രമ നം. | തസ്തിക | എണ്ണം | ശമ്പള സ്കെയിൽ | അടിസ്ഥാന ശമ്പളം | ഡി.എ | ആകെ | വാർഷിക ചെലവ് |
|---|---|---|---|---|---|---|---|
| 1. | സ്പെഷ്യൽ തഹസിൽദാർ | 1 | 51400 – 110300 | 81000 | 17820 | 98820 | 12,84,660 |
| 2. | വാല്യൂവേഷൻ അസിസ്റ്റന്റ് | 2 | 43400 –91200 | 66800 | 14696 | 81496 | 21,18,896 |
| 3. | ജൂനിയർ സൂപ്രണ്ട് | 1 | 43400 –91200 | 66800 | 14696 | 81496 | 10,59,448 |
| 4. | റവന്യൂ ഇൻസ്പെക്ടർ | 3 | 39300 – 83000 | 56500 | 12430 | 68930 | 26,88,270 |
| 5. | സീനിയർ ക്ലർക്ക്/ സ്പെഷ്യൽ വില്ലേജ് ഓഫീസർ | 2 | 35600 – 75400 | 40300 | 8866 | 49166 | 12,78,316 |
| 6. | ക്ലാർക്ക്/ വില്ലേജ് അസിസ്റ്റന്റ് | 2 | 26500 – 60700 | 31100 | 6842 | 37942 | 9,86,492 |
| | ആകെ | 11 | | | | | 94,16,082 |

## പട്ടിക - 2

## ദിവസ വേതനം

## (19/04/2025-ലെ സ.ഉ(അച്ചടി) നം. 54/2025/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ)

| ക്രമ നം. | തസ്തിക | എണ്ണം | മാസ വേതനം (പരമാവധി) | വാർഷിക ചെലവ് |
|---|---|---|---|---|
| 1 | ക്ലാർക്ക്/ വില്ലേജ് അസിസ്റ്റന്റ് | 2 | 21600 | 5,18,400 |
| 2 | ടൈപ്പിസ്റ്റ് | 1 | 21600 | 2,59,200 |
| 3 | സർവ്വേയർ | 4 | 24300 | 11,66,400 |
| 4 | ചെയിൻമാൻ | 4 | 19170 | 9,20,160 |
| 5 | ഓഫീസ് അറ്റന്റന്റ് | 2 | 19170 | 4,60,080 |
| | ആകെ | 13 | | 33,24,240 |

15. ലാൻഡ് റവന്യൂ കമ്മീഷണറുടെ മേൽ റിപ്പോർട്ട് പ്രകാരം റവന്യൂ വകുപ്പിൽ നിന്നുള്ള 11 തസ്തികകൾക്ക് 94,16,082/- രൂപയും ദിവസവേതനാടിസ്ഥാനത്തിലുള്ള 13 തസ്തികകൾക്ക് 33,24,240/- രൂപയും ഉൾപ്പടെ ഏകദേശം 1,27,40,322/- (ഒരു കോടി ഇരുപത്തി ഏഴ് ലക്ഷത്തി മുന്നൂറ്റി ഇരുപത്തി രണ്ട് രൂപ) സർക്കാരിന് സാമ്പത്തിക ബാധ്യത കണക്കാക്കുന്നു.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കുന്നതിന് ധനകാര്യ വകുപ്പ് ഖണ്ഡിക 10-ൽ നിർദ്ദേശിച്ച പ്രകാരം 13 തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിലും, 11 തസ്തികകളിൽ ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം പുതിയ തസ്തികകളായി റവന്യൂ വകുപ്പിൽ സൃഷ്ടിക്കുന്നതടക്കം 24 തസ്തികകൾ പുതിയതായി സൃഷ്ടിച്ച് ഒരു പുതിയ സ്പെഷ്യൽ തഹസിൽദാർ, എൽ.എ. യൂണിറ്റ് ഒരു വർഷത്തേക്ക് രൂപീകരിക്കാമോ?